പാലിക്കണമെന്നും ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നത് ഗുരുതരമായ കൃത്യ വിലോപമായി കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ച് 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 142/12/പൊ.ഭ.വ. എന്ന ഉത്തരവും നിലവിലുണ്ട്.

ഈ സാഹചര്യത്തിൽ നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ സാമാജികരുടെ ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ശമ്പളപരിഷ്കരണ റിപ്പോർട്ട്

6 (1828) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് പൂർണ്ണമായി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ട് ലഭിക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ എന്നും റിപ്പോർട്ട് സംബന്ധിച്ച് എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ശമ്പള പരിഷ്കരണ റിപ്പോർട്ട് പരിശോധിക്കുന്നതിന് മന്ത്രിസഭ ഉപ സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉപസമിതിയിൽ ആരൊക്കെയാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഇല്ല. ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായി 13-8-2015-ലെ സ.ഉ.(കൈ) നമ്പർ 358/2015/ധന* പ്രകാരം മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു. കമ്മീഷന്റെ കാലപരിധി 31-12-2015 വരെയാണ്.

(ബി) ഉണ്ട്. ധനകാര്യ-നിയമ-ഭവന നിർമ്മാണ വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പുമന്ത്രി, വ്യവസായ-വിവര സാങ്കേതികവിദ്യാ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, ജലസേചന വകുപ്പുമന്ത്രി എന്നിവരാണ് ഉപസമിതിയിലെ അംഗങ്ങൾ. ധനകാര്യമന്ത്രി രാജിവച്ച ഒഴിവിൽ ജലവിഭവ വകുപ്പുമന്ത്രിയെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly